# മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ചെറിയ ജീവിതചര്യകളെ വലിയ വിശ്വസ്ഥതയോടെ നിറവേറ്റിയ തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളും; തന്റെ ചുരുങ്ങിയ ഇഹലോക ജീവിതത്തെ പുണ്യംകൊണ്ട് പൂവണിയിച്ച് ഈശോയുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച വി.ഡൊമിനിക് സാവിയോയുടെ തിരുനാളും; നാം ആഘോഷിക്കുന്ന ഈ മാസത്തിൽ എല്ലാവർക്കും തിരുന്നാൾ മംഗളങ്ങൾ...ഒപ്പം സുകൃതങ്ങൾ അനുഷ്ഠിച്ചും പ്രാർത്ഥനകൾ ജപിച്ചും പരിശുദ്ധ അമ്മയുടെ വണക്കമാസം നമുക്ക് ആചരിക്കാം. കൂടാതെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുമിഷനറിമാരുടെ ജ്വലിക്കുന്ന പ്രേഷിത തീക്ഷ്ണതയും, നിങ്ങളുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു എന്നു പറയുന്നതിൽ സംശയമില്ല. സ്നേഹമുള്ള കുഞ്ഞുമക്കളേ, ''മിഷനെ അറിയാം...മിഷനറിയാകാം...മിഷൻലീഗിലൂടെ ...'' എന്ന 2020 - 21 വർഷത്തെ ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് വച്ച് കർമ്മവീഥികളിൽ കർമ്മധീരതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും .....

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വി.യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഡൊമിനിക് സാവിയോ |
| പ്രാർത്ഥനാനിയോഗം | : ബിജിനോർ, ന്യൂസിലാന്റ് മിഷനുകൾക്കുവേണ്ടി |
| സുകൃതം | : 73 സ്വർഗ്ഗ,73 നന്മ, 73 ത്രിത്വ ചൊല്ലുന്നു. |
| *ദിയാക്കോണിയ* | : വിത്ത് സംഭരണം |

### 1. ശാഖകൾ ശ്രദ്ധിക്കാൻ

01 ശനി : തൊഴിലാളിദിനം

06 വ്യാഴം : വി. ഡൊമിനിക് സാവിയോ
12 ബുധൻ : നേഴ്സസ് ദിനം
15 ശനി : കുടുംബ ദിനം
21 വ്യാഴം : തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റ് തോമസ് തോണിപ്പാറ സാറിന്റെ 6-ാം ചരമവാർഷികം.
31 ഞായർ : പന്തക്കുസ്താ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മേഖലാ ജൂനിയർ, സീനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടുകൾ മേഖലയിൽ ശേഖരിക്കുന്നു. അതിരൂപതാ കൗൺസിൽ, വാർഷികം, അതിരൂപതാ മാനേജിംഗ് കമ്മറ്റി.

### 3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2020 - 21 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5 ന് അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

### 4. *ദിയാക്കോണിയ*

ഏപ്രിൽ - മെയ് മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

**കരുതൽ :** വിത്തുകൾ ഭവനങ്ങളിൽ നിന്നും, കൃഷിഭവനിൽനിന്നും ശേഖരിക്കുക.

**കരം നിറച്ച് :** ശേഖരിച്ച വിത്തുകൾ എല്ലാ കുട്ടികളുടെയും ഭവനങ്ങളിൽ എത്തിക്കുക.

**ഗ്രീൻ ഇൻഡോർ ഗാർഡൻ :** എല്ലാ ഭവനങ്ങളിലും മൈക്രോഗ്രെയ്ൻ കൃഷിരീതി ഉപയോഗിച്ച് ചെറുപയർ, കടുക്, തുടങ്ങിയവ മുളപ്പിക്കുക.

## 5. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

♦ 2020 – 21 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങിക്കുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ രണ്ടാമത്തെ ആഴ്ചത്തന്നെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

♦ മേഖലാ വാർഷിക റിപ്പോർട്ടിന്റെ ഫോം എല്ലാ മേഖലകളിലും ലഭിച്ചു എന്ന് കരുതുന്നു. പ്രസ്തുത ഫോം പൂരിപ്പിച്ച് ജൂൺ 10–ാം തിയതിക്ക് മുൻമ്പ് ശാഖാ – വാർഷിക റിപ്പോർട്ടുകൾ അതിരൂപതയിൽ എത്തിക്കുന്നതിന്റെ കൂടെ കൊണ്ടുവരണം എന്നകാര്യംകൂടി ഓർമ്മിപ്പിക്കട്ടെ.

♦ സാഹചര്യമനുസരിച്ച് അതിരൂപത ടീം മേഖലകൾ സന്ദർശിക്കുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. എല്ലാവരും റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ.

## 6. ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 – 2022 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ശാഖാ ഭാരവാഹികളുടെ പേര് എഴുതി അതിരൂപതയിലേക്ക് തരാനുള്ള ഫോം മേഖല വൈസ്ഡയറക്ടർ സിസ്റ്ററിനെ ഏൽപ്പിച്ചിട്ടുണ്ട് എന്നകാര്യം ഓർമ്മിപ്പിക്കട്ടെ.

## 7. മേഖലാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 – 2023 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് മെയ് മാസത്തിൽ നടത്തി ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തിയതി നേരത്തെതന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 8. അതിരൂപത കൗൺസിലും – വാർഷികവും മാനേജിംഗ് കമ്മറ്റിയും

ഈ വർഷത്തെ അതിരൂപതാ കൗൺസിലും – വാർഷികവും, മാനേജിംഗ് കമ്മറ്റിയും മെയ് മാസം നടത്തപ്പെടുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

## 9. നല്ലിടയൻ പദ്ധതി

നല്ലിടയൻ പദ്ധതിയുടെ ഭാഗമായി മൂന്നാം ഘട്ടം ആടിനെ നൽകാത്ത മേഖലകൾ നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

## 10. മിഷൻ പച്ചക്കറിത്തോട്ടം വിജയികൾ

മിഷൻലീഗിന്റെ നേതൃത്വത്തിൽ ശാഖകളിൽ നടത്തിയ മിഷൻ പച്ചക്കറിത്തോട്ടം മത്സരത്തിൽ വിജയികളായവർ

I മഞ്ഞളാംപുറം ശാഖ
II മണിപ്പാറ ശാഖ
III തയ്യേനി ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:** കമ്പല്ലൂർ, വെമ്പുവ, പരിയാരം, ചട്ടമല, ജോസ്ഗിരി.

## 11. ശ്രീ ജയ്സൺ മർക്കോസ് പ്രേഷിത അവർഡ്

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹിയായിരിക്കേ ആകസ്മികമായി മരണമടഞ്ഞ ശ്രീ ജയ്സൺ മർക്കോസ് പാലയൂർപൂവ്വത്തിങ്കൽ സാറിന്റെ സ്മരണാർത്ഥം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മേഖലാ പ്രസിഡന്റുമാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പ്രേഷിത അവാർഡിന് തോമാപുരം മേഖലാ പ്രസിഡന്റ് ശ്രീ ഷിജൊ സ്രായിൽ അർഹനായി. ഷിജോ സാറിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

## 12. സംസ്ഥാന സന്ദർശനം

10.04.21 ശനിയാഴ്ച സംസ്ഥാന ഭാരവാഹികൾ അതിരൂപതാ ഓഫീസിലും , കുന്നോത്ത്, നെല്ലിക്കാംപോയിൽ, തോമാപുരം എന്നീ മേഖലകളിലും. വാണിയപ്പാറ, രാജമുടി എന്നീ ശാഖകളിലും സന്ദർശനം നടത്തുകയും 2019 – 20 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ

ബിനു മാങ്കൂട്ടം, ദേശീയ എക്സിക്യൂട്ടീവ് അംഗം ശ്രീ ബെന്നി മുത്തനാട്ട്, മലബാർ റീജിയണൽ ഓർഗനൈസർ ശ്രീ ബേബി പ്ലാശ്ശേരി എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി.

**13. പരീക്ഷ ഒരുക്ക വെബിനാർ**

05. 04. 2021 തിങ്കളാഴ്ച എസ് എസ് എൽ സി, പ്ലസ്ടു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി Empower With God എന്നപേരിൽ പരീക്ഷ ഒരുക്ക വെബിനാർ നടത്തി. 130 കുട്ടികൾ പങ്കെടുത്തു. വെബിനാറിന് നേതൃത്വം കൊടുത്ത ഫാ. സാബു കുമ്പുക്കൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ നന്ദി.

**14. ക്ലാസ്സുകൾ**

30. 03. 2021 ന് വായാട്ടുപറമ്പ് മേഖലയിലെ എം റ്റി സി കുട്ടികൾക്ക് സുനിൽ കല്ലിടുക്കിൽ സാർ ക്ലാസ്സ് എടുത്തു.

05. 04. 2021 ന് തളിപ്പറമ്പ് മേഖലയിലെ എം റ്റി സി കുട്ടികൾക്ക് ബേബി പ്ലാശ്ശേരി സാർ ക്ലാസ്സ് എടുത്തു.

**15. ശാഖാസന്ദർശനങ്ങൾ**

കുന്നോത്ത്, മാടത്തിൽ, എടക്കാനം, പയ്യന്നൂർ, പെരിങ്കരി, വാണിയപ്പാറ, നെല്ലിപ്പാറ, അങ്ങാടിക്കടവ്, രണ്ടാംകടവ്, ആനപ്പന്തി, മുടയരഞ്ഞി, ബാലേശുഗിരി, കുട്ടാപറമ്പ്, മണിക്കടവ്, ശാന്തിനഗർ, കാഞ്ഞിരക്കൊല്ലി, ഇരിട്ടി, ചൂരപ്പടവ്, ചീക്കാട് അരിവിളഞ്ഞപോയിൽ, അമ്മംകുളം തളിപ്പറമ്പ്, ഉദയഗിരി, പരപ്പ, മുത്താറിക്കുളം, ചുണ്ടപ്പറമ്പ്, വെമ്പുവ, ആടാംപാറ, പാടാൻ കവല, മുണ്ടാനൂർ, വട്ടിയറ, ചെടിക്കുളം, വെളിമാനം, മാങ്ങോട്, എടപ്പുഴ, കരിക്കോട്ടക്കരി, ഉരുപ്പുംകുറ്റി, എടൂർ, പരിയാരം, മണക്കടവ്, ഏറ്റുപാറ, കണ്ണൂർ, മേലെചൊവ്വ, അറബി, കാലാങ്കി, മാട്ടറ, പുറവയൽ, നെല്ലിക്കാംപോയിൽ. കച്ചേരിക്കടവ്, പൈസക്കരി, പയ്യാവൂർ, മാവുഞ്ചാൽ, ജോസ്മൗണ്ട്, ആലക്കോട്, കാഞ്ഞിരടുക്കം, ആര്യപ്പറമ്പ്, കൊളക്കാട്, രാജമുടി, കണിച്ചാർ, ചെങ്ങോം, നെടുംപുറംചാൽ, മണിപ്പാറ, വിളമന, ഉളിക്കൽ, ആനറ, തിരൂർ, തേർമല എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**15. എം റ്റി സി ക്യാമ്പ്**

ഈ വർഷം അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന എം റ്റി സി ക്യാമ്പിനെക്കുറിച്ചുള്ള കുടുതൽ വിവരങ്ങൾ വാട്സ് ആപ്പ് വഴി പിന്നീട് അറിയിക്കുന്നതായിരിക്കും. മേഖലകളിൽ നിന്നും അതിരൂപതയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ കൊച്ചുകൂട്ടുകാർക്കും മിഷനറി ട്രെയിംഗ് കോഴ്സിലേക്ക് ഹൃദ്യമായ സ്വാഗതം.

**16. ആദരാഞ്ജലികൾ**

മുൻ അതിരൂപതാ വൈസ് പ്രസിഡന്റ് മേരി കരിയിലക്കാവുങ്കലിന്റെ വത്സല പിതാവ് കുടിലിൽ കുഞ്ഞാഗസ്തി, തോമാപുരം മേഖല വൈസ്ഡയറക്ടർ സി. ടീനയുടെ വത്സലപിതാവ് നെടുതുരുത്തിയിൽ വർക്കി, അതിരൂപതാ ഓർഗനൈസിംഗ് ടീം അംഗമായ സി.ഹെലന്റെ വത്സലപിതാവ് നായിപുരയിടത്തിൽ ജോസഫ്, വരക്കാട് ശാഖയിലെ കുഞ്ഞുമിഷനറിമാരായ ശ്രാകത്തിൽ ആൽബിൻ, ബ്ലെസൽ എന്നിവരുടെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ലോകമെമ്പാടും കൊറോണ വൈറസ് ബാധ നിയന്ത്രണാതീതമായി പടരുമ്പോൾ രോഗബാധിതരായവർക്കു വേണ്ടിയും, ഇവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അതോടൊപ്പം കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ കുഞ്ഞുകൂട്ടുകാരുടെ അകമഴിഞ്ഞ പ്രവർത്തന സന്നദ്ധതയും, ആഴമായ ആത്മീയതയും, തളരാത്ത കാൽവെയ്പും നമ്മുടെ തിരുബാലസഖ്യം സംഘടനയുടെ വളർച്ചയ്ക്ക് കരുത്തായിരുന്നു. പ്രിയപ്പെട്ട ആനിമേറ്റേഴ്സ്, കുഞ്ഞുമക്കളേ, തീക്ഷ്ണതയോടെ പ്രവർത്തിച്ച നിങ്ങൾക്കെല്ലാവർക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വി.യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഡൊമിനിക് സാവിയോ |
| പ്രാർത്ഥനാനിയോഗം | : തൊഴിലാളികൾക്കുവേണ്ടി |
| സുകൃതം | : എന്റെ അമ്മേ, എന്റെ ആശ്രയമേ |
| *ദിയാക്കോണിയ* | : വിത്ത് സംഭരണം |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

01 ശനി : തൊഴിലാളിദിനം

06 വ്യാഴം : വി. ഡൊമിനിക് സാവിയോ
12 ബുധൻ : നേഴ്സസ് ദിനം
15 ശനി : കുടുംബ ദിനം
31 ഞായർ : പന്തക്കുസ്താ തിരുനാൾ

## 2. *ദിയാക്കോണിയ*

ഏപ്രിൽ - മെയ് മാസങ്ങളിൽ ശാഖാ തലത്തിൽ ചെയ്യേണ്ടവ:

**കരുതൽ :** വിത്തുകൾ ഭവനങ്ങളിൽ നിന്നും, കൃഷിഭവനിൽനിന്നും ശേഖരിക്കുക.

**കരം നിറച്ച് :** ശേഖരിച്ച വിത്തുകൾ എല്ലാ കുട്ടികളുടെയും ഭവനങ്ങളിൽ എത്തിക്കുക.

**ഗ്രീൻ ഇൻഡോർ ഗാർഡൻ :** എല്ലാ ഭവനങ്ങളിലും മൈക്രോഗ്രെയ്ൻ കൃഷിരീതി ഉപയോഗിച്ച് ചെറുപയർ, കടുക്, തുടങ്ങിയവ മുളപ്പിക്കുക.

## 3. ഈശോയെപ്പോലെ വളരാം..... വലുതാകാം....Vol. 2

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം ... വലുതാകാം എന്ന വർക്ക് ബുക്കിന്റെ രണ്ടാം ഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ സാഹചര്യങ്ങൾ മനസ്സിലാക്കി വിശ്വാസപരിശീലനം ആരംഭിക്കുമ്പോൾ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ പുസ്തകത്തിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ മിഷൻലീഗ് ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## 4. എയ്ഞ്ചൽ ഫെസ്റ്റ്

അതിരൂപതാ തലത്തിൽ ഓൺലൈനിലൂടെ നടത്തിയ എയ്ഞ്ചൽ ഫെസ്റ്റിൽ (കലോത്സവം) പങ്കെടുത്ത എല്ലാ മേഖലകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി. മത്സരത്തിന് കുട്ടികളെ ഒരുക്കുന്നതിന് അക്ഷീണം പ്രയത്നിച്ച മേഖലാ ഭാരവാഹികളെയും, മതാധ്യാപകരെയും, മാതാപിതാക്കളെയും പങ്കെടുത്ത എല്ലാ കുഞ്ഞുമക്കളെയും നന്ദിയോടെ ഓർക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ